സംവിധാനമുണ്ടെന്നാണ് പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യയുടെ പ്രസിദ്ധീകരണത്തിൽ പറയുന്നത്. അതുകൊണ്ട് ഈ സംവിധാനം താലിബാൻ മോഡൽ കോടതിയായി പ്രവർത്തിക്കുന്നുണ്ടോ, നിയമവിരുദ്ധമായ തീരുമാനങ്ങളെടുക്കുന്നുണ്ടോ, നിയമവ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള കാര്യം സംസ്ഥാന ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതും ഇതു സംബന്ധമായ മറ്റു കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് നിയമപരമായി കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് ആവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യും.

(3) ഡോക്ടർമാരുടെ അപര്യാപ്തത

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ റഫറൽ ആശുപത്രിയും സ്പെഷ്യാലിറ്റി കേഡർ സംവിധാനത്തിന്റെ ഭാഗമായും കാഷ്വാലിറ്റി കേഡർ സംവിധാനത്തിന്റെ ഭാഗമായും കാഷ്വാലിറ്റി യൂണിറ്റ് ആരംഭിച്ചിട്ടുള്ളതുമായ ഒരു സ്ഥാപനമാണ് ചിറയിൻകീഴ് താലൂക്ക് ആശുപത്രി. എന്നാൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനത്തിന്റെ ഭാഗമായി മേപ്പടി ആശുപത്രിയിൽ 18 ഡോക്ടർമാരുണ്ടായിരുന്നത് 23 ആയി വർദ്ധിച്ചു. അതിൽ സ്ഥലംമാറ്റം ലഭിച്ചവർ മാറിപ്പോയതിനാൽ ഇപ്പോൾ 15 ഡോക്ടർമാർ മാത്രമേ ജോലിക്ക് ഹാജരാകുന്നുള്ളൂ. 8 ഡോക്ടർമാർ ഇനിയും ജോലിക്ക് എത്തിയിട്ടില്ല. 3 കാഷ്വാലിറ്റി ഡോക്ടർമാർ, അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാർ, ഓഫീസർ ചെസ്റ്റ്, സ്കിൻ, മെഡിക്കൽ ജൂനിയർ കൺസൾട്ടന്റ്, സർജറി ജൂനിയർ കൺസൾട്ടന്റ് എന്നീ 8 ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. കാഷ്വാലിറ്റിയിൽ ഒരു ഡോക്ടറാണ് ഇപ്പോഴുള്ളത്. സ്പെഷ്യാലിറ്റി ഡോക്ടർമാരാണ് കാഷ്വാലിറ്റിയുടെ ചുമതല വഹിക്കുന്നത്. രാത്രി ഡ്യൂട്ടി നോക്കുന്ന ഡോക്ടർ പിറ്റേ ദിവസം വരാറില്ല. അപ്പോൾ ആ വിഭാഗം ഒ.പി. മുടങ്ങുന്നു. ദിനംപ്രതി ആയിരത്തോളം രോഗികളാണ് ഒ.പി.യിൽ വരുന്നത്. ഈ രോഗികളിൽ അധികവും സാധാരണക്കാരും കയർ, മത്സ്യമേഖലയിലെ തൊഴിലാളികളുമാണ്. ഡോക്ടർമാരുടെ കുറവുകാരണം രോഗികൾ മണിക്കൂറുകളോളം ക്യൂ നിന്ന് വലയേണ്ട സ്ഥിതിയാണ് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലുള്ളത്. ഡോക്ടർമാർക്ക് ജോലിക്ക് വരാതിരിക്കാൻ സ്വാതന്ത്ര്യമുണ്ട്. അവധി എടുക്കാനുള്ള അവകാശമെല്ലാം ഉണ്ട്. പക്ഷേ പനിക്കും മറ്റ് രോഗങ്ങൾക്കും അവധി വരുന്നില്ല. പനിയും മറ്റും പിടിച്ചുവരുന്ന ആളുകളുടെ കാര്യത്തിൽ അവധിയുടെ അവകാശമുപയോഗിച്ചുകൊണ്ട് ഡോക്ടർമാർ വരാതിരിക്കുമ്പോൾ പകരം അവിടെ ഡ്യൂട്ടി ചെയ്യാൻ സന്മനസ്സുള്ള ഡോക്ടർമാർ ഉണ്ടാകണം. അവിടത്തെ ഡോക്ടർമാരുടെ ഷോർട്ടേജ് പരിഹരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക 23 ആയി ഉയർത്തിയതിൽ 15 പേർ മാത്രമേ ജോലിക്ക് ഹാജരായിട്ടുള്ളൂ എന്നുള്ളത് ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ പറഞ്ഞത് വളരെ ശരിയാണ്. ഒരു ഡോക്ടറെ കൂടി നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് പോസ്റ്റ് ചെയ്തിട്ടുണ്ട്. അങ്ങനെ 16 പേരാണവിടെ ജോലി ചെയ്യുന്നത്. സൂപ്രണ്ട് അസുഖമായതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. മൂന്ന്പേർ കാഷ്വാലിറ്റിയിലും വന്ന് ജോയിൻ ചെയ്തിട്ടില്ല. സ്പെഷ്യാലിറ്റി കേഡറിൽ ഒഴിവുവരുന്ന തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് ഇപ്പോൾ ജൂനിയർ ഡോക്ടർമാരിൽ നിന്ന് എം.ഡി. കഴിഞ്ഞവരുടെ ഓപ്ഷൻ വാങ്ങിയിട്ടുണ്ട്. 271 പേർക്ക് ഇന്ന് ഉത്തരവ് നൽകി വിവിധ ആശുപത്രികളിൽ പോസ്റ്റ് ചെയ്യുകയാണ്. കൂടാതെ പി.എസ്.സി.യിൽ നിന്ന് 100 പേരുടെ ഒരു ലിസ്റ്റ് ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇന്നോ നാളെയോ അത് ലഭിക്കും. ലഭിച്ചുകഴിഞ്ഞാൽ ആ നൂറുപേരേയും പോസ്റ്റു ചെയ്യും. ഇത്തരമൊരു പരിതഃസ്ഥിതിയിൽ ജോയിൻ ചെയ്യേണ്ട സമയം കഴിഞ്ഞ് വീണ്ടും അനധികൃതമായി ലീവിൽ പ്രവേശിച്ചവരുടെ കാര്യത്തിൽ, മെഡിക്കൽ എത്തിക്സിനു വിരുദ്ധമായി അനധികൃതമായി ലീവിൽ പോയിട്ടുള്ള ഡോക്ടർമാരുടെ കാര്യത്തിൽ ശക്തമായ നടപടി എടുക്കാൻ ആരോഗ്യവകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട അംഗവും ശ്രദ്ധയിൽപ്പെടുത്തിയത് വളരെ ഉചിതമായിയെന്നാണ് എനിക്ക് പറയാനുള്ളത്.

(4) മമ്പറം പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. പി. ജയരാജൻ: സർ, കണ്ണൂർ ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 38 ആണ് ചൊവ്വ-കൂത്തുപ്പറമ്പ് റോഡ്. അതിലെ മമ്പറം പാലം 2005-ൽ തകർന്നതാണ്. നാഷണൽ ഹൈവേയിലെ മൊയ്തുപ്പാലം അപകടത്തിലായതിനെ തുടർന്ന് വാഹനങ്ങൾ വഴിതിരിച്ചുവിട്ടതിന്റെ ഫലമായാണ് മമ്പറം പാലം തകർന്നത്. അന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. കെ. മുനീറിന്റെ ആഭിമുഖ്യത്തിൽ രണ്ട് എം.എൽ.എ.മാർ, എടക്കാട് എം.എൽ.എ.യും കൂത്തുപ്പറമ്പ് എം.എൽ.എ.യുമടക്കം പങ്കെടുത്തുകൊണ്ട് പുതിയ പാലം നിർമ്മിക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. പക്ഷേ അതിനുള്ള തുടർനടപടികളുണ്ടായില്ല. ഇപ്പോൾ 29 ലക്ഷം രൂപയുടെ ഭരണാനുമതി അപ്രോച്ച് റോഡിനുവേണ്ടി നൽകുകയുണ്ടായി. പക്ഷേ അതിന്റെ നടപടികൾ ത്വരിതപ്പെടുത്തിയിട്ടില്ല. ഇതിനെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്താൻ വേണ്ടിയായിരുന്നു കൊടുത്തിരുന്നത്. പക്ഷേ അതിന്റെ അനുമതിയായിട്ടില്ല. ഇതു സംബന്ധിച്ച് ഇങ്ങനെയൊരു അനുമതി കിട്ടാൻപോകുന്നു എന്നു മനസ്സിലാക്കി അവിടെ ചില പ്രക്ഷോഭങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly